# MASTER PLAN

**2025-2026**

LOURDE MATHA HIGHER SECONDARY SCHOOL

LOVE FRATERNITY

LOURDE MATHA H.S.S

MANGALAMDAM

MANGALAMDAM

# Lourde Matha Higher Secondary School

### Mangalam Dam



# NUMBER OF CHILDREN

## 2012-2013

| CLASS | I | II | III | IV | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|---|---|---|---|
| BOYS | 76 | 65 | 80 | 84 | 116 | 125 | 135 | 170 | 168 | 190 | 1209 |
| GIRLS | 81 | 68 | 93 | 100 | 111 | 121 | 129 | 143 | 170 | 166 | 1182 |
| TOTAL | 157 | 133 | 173 | 184 | 227 | 246 | 264 | 313 | 338 | 356 | 2391 |

***SSLC RESULT-323/356= ( 91%)***

## 2013-2014

| CLASS | I | II | III | IV | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|---|---|---|---|
| BOYS | 53 | 79 | 62 | 82 | 104 | 124 | 128 | 156 | 167 | 190 | 1147 |
| GIRLS | 53 | 85 | 74 | 90 | 115 | 114 | 125 | 140 | 139 | 168 | 1103 |
| TOTAL | 106 | 164 | 136 | 172 | 219 | 238 | 253 | 296 | 306 | 358 | 2250 |

***SSLC RESULT- 297/323=(92%)***

## 2014-2015

| CLASS | I | II | III | IV | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|---|---|---|---|
| BOYS | 71 | 54 | 85 | 66 | 87 | 110 | 133 | 154 | 183 | 153 | 1096 |
| GIRLS | 65 | 54 | 85 | 74 | 100 | 109 | 115 | 132 | 144 | 131 | 1009 |
| TOTAL | 136 | 108 | 170 | 140 | 187 | 219 | 248 | 286 | 327 | 284 | 2105 |

***SSLC RESULT-- 280/284=(99%)***

## 2015-2016

| CLASS | I | II | III | IV | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|---|---|---|---|
| BOYS | 58 | 75 | 58 | 88 | 77 | 97 | 114 | 162 | 175 | 160 | 1064 |
| GIRLS | 42 | 66 | 54 | 88 | 87 | 105 | 117 | 130 | 133 | 136 | 958 |
| TOTAL | 100 | 141 | 112 | 176 | 164 | 202 | 231 | 292 | 308 | 296 | 2022 |

***SSLC RESULT-287/296=(97%)***

## 2016-2017

| CLASS | I | II | III | IV | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|---|---|---|---|
| BOYS | 58 | 60 | 73 | 61 | 98 | 81 | 106 | 137 | 177 | 147 | 998 |
| GIRLS | 55 | 39 | 66 | 56 | 92 | 89 | 109 | 124 | 131 | 133 | 894 |
| TOTAL | 113 | 99 | 139 | 117 | 190 | 170 | 215 | 261 | 308 | 280 | 1892 |

***SSLC RESULT-267/276=(97%)***

## 2017-2018

| CLASS | I | II | III | IV | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|---|---|---|---|
| BOYS | 48 | 55 | 65 | 81 | 79 | 109 | 95 | 148 | 171 | 149 | 1000 |
| GIRLS | 51 | 54 | 39 | 70 | 71 | 92 | 89 | 120 | 123 | 130 | 839 |
| TOTAL | 99 | 109 | 104 | 151 | 150 | 201 | 184 | 268 | 294 | 279 | 1839 |

***SSLC RESULT (99%)***

## 2018-2019

| CLASS | I | II | III | IV | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|---|---|---|---|
| BOYS | 69 | 46 | 71 | 79 | 93 | 117 | 111 | 184 | 173 | 157 | 1100 |
| GIRLS | 51 | 67 | 65 | 72 | 72 | 98 | 95 | 127 | 122 | 123 | 892 |
| TOTAL | 120 | 113 | 136 | 151 | 165 | 215 | 206 | 311 | 295 | 280 | 1992 |

***SSLC RESULT- (98.24%)***

## 2019-2020

| CLASS | I | II | III | IV | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|---|---|---|---|
| BOYS | 48 | 70 | 45 | 74 | 96 | 105 | 126 | 147 | 202 | 160 | 1073 |
| GIRLS | 47 | 52 | 78 | 69 | 86 | 75 | 97 | 101 | 126 | 126 | 857 |
| TOTAL | 95 | 122 | 123 | 143 | 182 | 180 | 223 | 2Q | 328 | 286 | 1930 |

***SSLC RESULT-(100%)***

## 2020-2021

| CLASS | I | II | III | IV | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|---|---|---|---|
| BOYS | 62 | 64 | 85 | 84 | 116 | 113 | 118 | 166 | 155 | 202 | 1135 |
| GIRLS | 55 | 54 | 60 | 86 | 87 | 91 | 85 | 112 | 107 | 128 | 865 |
| TOTAL | 117 | 118 | 145 | 140 | 203 | 204 | 203 | 278 | 262 | 330 | 2000 |

***SSLC RESULT-100%***

## 2021-2022

| *CLASS* | *I* | *II* | *III* | *IV* | *V* | *VI* | *VII* | *VIII* | *IX* | *X* | *TOTAL* |
|---|---|---|---|---|---|---|---|---|---|---|---|
| *BOYS* | *48* | *62* | *66* | *86* | *73* | *116* | *112* | *141* | *167* | *157* | *1028* |
| *GIRLS* | *52* | *58* | *57* | *66* | *92* | *97* | *90* | *92* | *117* | *101* | *822* |
| *TOTAL* | *100* | *120* | *123* | *152* | *165* | *213* | *202* | *233* | *284* | *258* | *1850* |

***SSLC RESULT-(99.7%)***

## 2022-2023

| CLASS | I | II | III | IV | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|---|---|---|---|
| BOYS | 43 | 48 | 61 | 66 | 98 | 82 | 125 | 149 | 135 | 168 | 975 |
| GIRLS | 45 | 55 | 59 | 63 | 91 | 100 | 104 | 123 | 96 | 121 | 857 |
| TOTAL | 88 | 103 | 120 | 129 | 189 | 182 | 229 | 272 | 231 | 289 | 1832 |

***SSLC RESULT-(100)***

## 2023-2024

| CLASS | I | II | III | IV | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|---|---|---|---|
| BOYS | 43 | 48 | 61 | 66 | 98 | 82 | 125 | 149 | 135 | 168 | 975 |
| GIRLS | 45 | 55 | 59 | 63 | 91 | 100 | 104 | 123 | 96 | 121 | 857 |
| TOTAL | 888 | 103 | 120 | 129 | 189 | 182 | 229 | 272 | 231 | 289 | 1832 |

***SSLC RESULT-(100%)***

## 2024-2025

| CLASS | I | II | III | IV | V | VI | VII | VIII | IX | X | TOTAL |
|---|---|---|---|---|---|---|---|---|---|---|---|
| BOYS | 50 | 50 | 51 | 60 | 92 | 105 | 91 | 163 | 149 | 132 | 943 |
| GIRLS | 40 | 45 | 58 | 59 | 80 | 95 | 107 | 127 | 127 | 97 | 835 |
| TOTAL | 90 | 95 | 109 | 119 | 172 | 200 | 198 | 290 | 276 | 229 | 1778 |

***SSLC RESULT-(100%)***

## വിദ്യാലയത്തിന്റെ അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : ലൂർദ്ദ് മാതാ ഹയർ സെക്കന്ററി സ്കൂൾ, മംഗലം ഡാം |
| 2. | വിലാസം | : ഹെഡ്മിസ്ട്രസ്, ലൂർദ്ദ് മാതാ ഹയർ സെക്കന്ററി സ്കൂൾ, മംഗലം ഡാം, 678 706 (PIN) |
| 3. | ഫോൺ | : 04922 263231 |
| 4. | സ്കൂൾ കോഡ് | : 21024 |
| 5. | ഉപജില്ല | : ആലത്തൂർ |
| 6. | വിദ്യാഭ്യാസജില്ല | : പാലക്കാട് |
| 7. | റവന്യൂജില്ല | : പാലക്കാട് |
| 8. | BRC | : ആലത്തൂർ |
| 9. | CRC | : മുടപ്പല്ലൂർ Govt.High School |
| 10. | ഗ്രാമപഞ്ചായത്ത് | : വണ്ടാഴി |
| 11. | ബ്ലോക്ക് | : ആലത്തൂർ |
| 12. | ജില്ല | : പാലക്കാട് |
| 13. | നിയോജക മണ്ഡലം | : ആലത്തൂർ |
| 14. | ലോകസഭാ മണ്ഡലം | : ആലത്തൂർ |
| 15. | താലൂക്ക് | : ആലത്തൂർ |
| 16. | വില്ലേജ് | : മംഗലം ഡാം |
| 17. | ഇ.മെയിൽ | :lmhsdam@gmail.com |
| 18. | സ്കൂൾ വിക്കി | : |

# ഉള്ളടക്കം


1. ആമുഖം
2. ലഘുചരിത്രം (വിദ്യാലയ ചരിത്രം)
3. ലക്ഷ്യം
4. വിദ്യാലയം മികവിന്റെ കേന്ദ്രം
5. പദ്ധതി രൂപീകരണ പ്രക്രിയ
6. നിലവിലെ അവസ്ഥാ വിശകലനം
7. പ്രശ്നങ്ങൾ വെല്ലുവിളികൾ
8. മികവിനുള്ള പ്രവർത്തനങ്ങൾ
9. പദ്ധതി വിശദാംശങ്ങൾ
10. ബഡ്ജറ്റ്
11. മോണിറ്ററിങ്ങ്

# ലൂർദ്ദ് മാതാ സ്ക്കൂളിൻറെ ചരിത്രവഴികളിലൂടെ...

പാലക്കാടിൻറെ തിരുമുറ്റത്ത് മലകളും പുഴകളും നിറഞ്ഞുനിൽക്കുന്ന പ്രകൃതിരമണീയമായ ഒരു കൊച്ചുഗ്രാമമായ മംഗലംഡാമിലാണ് ലൂർദ്ദ്മാതാ വിദ്യാലയം സ്ഥിതിചെയ്യുന്നത്. ജാതിമതഭേദമെന്യേ എല്ലാ വിദ്യാർഥികളേയും ഒരുപോലെ സ്നേഹി ക്കുന്ന, വാത്സല്യം പകരുന്ന എഫ്.സി.സി സിസ്റ്റേഴ്സിൻറെ മാനേജ്മെൻറിലാണ് ഈ വിദ്യാലയം പ്രവർത്തിക്കുന്നത്. സ്നേഹസമ്പന്നരായ നിരവധി അദ്ധ്യാപകർ തീർത്ത ഈ ഉദ്യാനത്തിലെ പാറിപ്പറക്കുന്ന പൂമ്പാറ്റകളാണ് ഇവിടുത്തെ ഓരോ വിദ്യാർഥികളും. സമൂഹത്തിൻറെ നല്ല വാഗ്ദാനമായി വിദ്യാർഥികളെ വാർത്തെടുക്കുവാനും അച്ചടക്കത്തോടെ വളർത്താനും ഇവിടുത്തെ ഓരോ അദ്ധ്യാപകരും ശ്രമിക്കുന്നു.

പ്രഭാതത്തിലെ പ്രാർഥനകളും സാരോപദേശങ്ങളും നല്ല വ്യക്തിത്വം വാർത്തെടുക്കുവാൻ വിദ്യാർഥികളെ സഹായിക്കുന്നു. ഇവിടെയുള്ള ഒരുകൂട്ടം അദ്ധ്യാപകരുടെ കഠിനപരിശ്രമഫലമാണ് ഈ വിദ്യാലയത്തിൻറെ വിജയം. അക്ഷരങ്ങളിലൂടെ അറിവിൻറെ ലോകത്തേക്ക് വിദ്യാർഥികളെ കൈപിടിച്ചു നടത്തുന്ന അവർ എന്നും ഈ വിദ്യാലയത്തിൻറെ അനുഗ്രഹമാണ്. ഒരായിരം സ്നേഹബന്ധങ്ങളും കളിയും ചിരിയും നിറഞ്ഞുനിൽക്കുന്ന ഈ വിദ്യാലയം ഓരോ വിദ്യാർഥിക്കും എന്നും നല്ല ഓർമ്മകൾ സമ്മാനിക്കുന്നു.

ഓരോ കുട്ടിയുടേയും സുഖദുഃഖങ്ങളിൽ പങ്കുചേരാനും സാന്ത്വനം നല്കാനും അദ്ധ്യാപകരും കൂട്ടുകാരും എപ്പോഴും ശ്രമിക്കുന്നു. കലാകായികമത്സരങ്ങളും പഠനപ്രവർത്തന ങ്ങളുമൊക്കെ നല്ല ഉത്സാഹത്തോടെയാണ് ഇവിടെ നടത്തപ്പെടാറുള്ളത്. നല്ല ഉപദേശങ്ങളും സന്ദേശങ്ങളും ശാസനകളും നല്കുന്ന കഴിവുറ്റ പ്രധാന അദ്ധ്യാപികമാർ എന്നും ഈ വിദ്യാലയത്തിൻറെ അനുഗ്രഹമാണ്.

പൊതുവിദ്യാഭ്യാസമേഖലയെ ശക്തിപ്പെടുത്തിക്കൊണ്ട് മാത്രമേ ഗ്രാമീണമേഖലയായ മംഗലംഡാമിനെ വികസനപാതയിലേക്ക് ഉയർത്താനാവൂ. നമ്മുടെ നാടിനെ ഉത്തരോത്തരം വളർത്തിക്കൊണ്ടുവരാൻ

പുതുതലമുറയ്ക്കാവണം. പ്രൈമറിതലം മുതൽ പ്ലസ് ടു തലം വരെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്തി ക്വാളിറ്റി ജനറേഷനെ വാർത്തെടുക്കേണ്ടതുണ്ട്. ആയതിന്, ഭൗതികവും അക്കാദമികവുമായ പുരോഗതിക്കുവേണ്ടി സാദ്ധ്യമായതെല്ലാം ചെയ്യേണ്ടതുണ്ട്.

ഈ അദ്ധ്യയനവർഷത്തിൽ നഴ്സറിമുതൽ പ്ലസ് ടു വരെ 54 ഡിവിഷനുകളിലായി 2326 കുട്ടികളും 87 സ്റ്റാഫ് അംഗങ്ങളും 10 മിനിസ്റ്റീരിയൻ സ്റ്റാഫുമടങ്ങുന്ന ഒരു വലിയ വിദ്യാലയമാണ് മംഗലംഡാം ലൂർദ്ദ് മാതാ. 2016-17 അദ്ധ്യയനവർഷത്തിൽ SSLC പരീക്ഷയെഴുതിയ 276 കുട്ടികളിൽ 97% വിജയം നേടി. അതിൽ ഒമ്പത് Full A+ ഉം രണ്ട് പേർ ഒമ്പത് A+ മായി വിജയതിലകം ചൂടി. +2 വിഭാഗത്തിൽ സയൻസ് ബാച്ചിൽ 98% വും കൊമേഴ്സ് ബാച്ചിൽ 93% വും വിജയം ലഭിച്ചു. 2 വിദ്യാർഥികൾക്ക് Full A+ ലഭിച്ചു. ആലത്തൂർ നിയോജകമണ്ഡലത്തിൽ +2 വിഭാഗത്തിൽ വിജയ ശതമാനത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ വിദ്യാലയമാണ് ലൂർദ്ദ് മാതാ. ഹൈസ്ക്കൂള് വിഭാഗത്തിൽ SSLC പരീക്ഷയ്ക്ക് രണ്ടാം സ്ഥാനം നേടി.

കായിക ഇനങ്ങളായ വോളിബോൾ, ലോൺ ടെന്നീസ്, സെബാക് ടാക് ത്രോ എന്നിവയിൽ 5 വിദ്യാർഥികൾ 2017-18 അദ്ധ്യയനവർഷത്തിൽ ദേശീയ താരങ്ങളായി. ദേശീയ തലത്തിൽ നടന്ന സെബാക് ടാക് ത്രോ മത്സരത്തിൽ ഒരു കുട്ടി മൂന്നാം സ്ഥാനത്തിന് അർഹനായി എന്നത് എന്നത് എടുത്ത് പറയേണ്ട നേട്ടമാണ്. വോളിബോൾ, ലോൺ ടെന്നീസ്, നെറ്റ് ബോൾ എന്നി ഇനങ്ങളിൽ 7 കുട്ടികൾ സംസ്ഥാന വിജയികളായി. 30 കുട്ടികൾ വിവിധ കായിക ഇനങ്ങളിലായി സംസ്ഥാനതലത്തിൽ പങ്കെടുത്തു. പ്രവർത്തിപരിചയ മേളയിൽ ഒരു കുട്ടിക്ക് സംസ്ഥാനതലത്തിൽ 3-ാംാം സ്ഥാനം ലഭിക്കുകയുണ്ടായി. +2 തലത്തിൽ Science Working Model-ൽ 2 കുട്ടികൾ സംസ്ഥാന വിജയികളായി.

നല്ലൊരു ഗ്രൗണ്ടിൻറെ അഭാവമുണ്ടെങ്കിലും കായികരംഗത്ത് ഇത്രയും മികച്ച വിജയം ഈ വിദ്യാലയത്തിന് കൈവരിക്കാനായി എന്നത് എടുത്തുപറയേണ്ടതാണ്. മലയോരമേഖലയിൽ നിന്ന് ഈ വിദ്യാലയത്തിലേയ്ക്കുള്ള യാത്രാസൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഈ വിദ്യാലയത്തിലെ കുട്ടികൾ നേരിടുന്ന ഒരു പരിമിതി.

കുടിവെള്ളം, വൈദ്യുതീകരണം എന്നീ അടിസ്ഥാനസൗകര്യങ്ങൾക്കുവേണ്ടിയുള്ള സാമ്പത്തിക ബുദ്ധിമുട്ട് ഈ വിദ്യാലയം നേരിടുന്ന മറ്റൊരു പ്രധാന പരിമിതിയാണ്.

കേരളത്തിൻറെ സാമൂഹ്യവികസനത്തിൻറെ അടിസ്ഥാനമായ പൊതുവിദ്യാഭ്യാസ സംവിധാനത്തിൻറെ ഭാഗമായ ഈ വിദ്യാലയം നേരിടുന്ന പരിമിതികൾ പരിഹരിച്ച് ഈ വിദ്യാലയത്തെ മികവിൻറെ കേന്ദ്രമായി മാറ്റുന്നതിനുള്ള സമയബന്ധിതമായ കർമ്മ പദ്ധതിയുടെ രൂപരേഖ സമർപ്പിക്കട്ടെ.

മംഗലംഡാമിൻറെ ഹൃദയഭാഗത്ത് ഉദിച്ചുയർന്ന് പ്രശോഭിച്ചു നിൽക്കുന്ന ലൂർദ്ദ് മാതാ ഹയർ സെക്കൻററി വിദ്യാലയത്തിന് മികവാർന്നൊരു ചരിത്രമുണ്ട്. 1962 -ൽ മംഗലംഡാം സന്ദർശനത്തിന് എത്തിയ മുഖ്യമന്ത്രി ശ്രീ. ആർ.ശങ്കറിനെ, ഈ പ്രദേശത്ത് ഒരു സ്കൂൾ വേണമെന്ന തങ്ങളുടെ ചിരകാലാഭിലാഷം നാട്ടുകാർ അറിയിച്ചു. അതിൻറെ ഫലമായി ചാമക്കാട്ടിൽ വേലപ്പൻ മകൻ ശ്രീ. മുത്തുവേലനും അദ്ദേഹത്തിൻറെ മകൻ ശ്രീ. സി.എം ഗംഗാധരനും കൂടി സ്വകാര്യമാനേജ്മെൻറായി സ്കൂൾ അനുവദിച്ചുകിട്ടി. രണ്ട് 1-ാം ക്ലാസ്സും ഒരു 2-ാം ക്ലാസ്സുമായിരുന്നു, ആദ്യം അനുവദിച്ചത്. മരത്തടികൾ കൂട്ടിയിടാൻ ഉപയോഗിച്ചിരുന്ന ഓലഷെഡ്ഡിൻറെ ഒരു വശത്ത് സി.എം.ജി.എൽ.പി. സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 3 ക്ലാസ്സുകളിലായി 113 വിദ്യാർഥികളും 3 അദ്ധ്യാപകരുമാണ് ഉണ്ടായിരുന്നത്. സ്കൂളിൻറെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. ശിവരാമൻ വി. അവർകളും അദ്ധ്യാപകർ ശ്രീമതി രുഗ്മിണി പി., ശ്രീ. ചെന്താമരാക്ഷൻ കെ. എന്നിവരുമായിരുന്നു. 14.03.1963-ൽ D.P.I യുടെ NOB/111184/62 എന്ന ഓർഡർ പ്രകാരം സ്കൂളിന് അംഗീകാരം ലഭിച്ചു. 1963 ജൂൺ മാസം 3-ാം തിയ്യതി, ബഹു.വികാരി ജനറൽ പുത്തൻവേലിക്കര വാഴപ്പിള്ളി സഖറിയാസച്ചൻ ഫ്രാൻസിസ്ക്കൻ ക്ലാരസ്സഭയുടെ തൃശ്ശൂർ പ്രോവിൻസ് ഈ സ്ഥാപനം തീറുവാങ്ങി പ്രവർത്തനം ആരംഭിച്ചു. 1964 മാർച്ച് 19-ാം തിയ്യതി, പുതിയ സ്കൂൾ കെട്ടിടത്തിൻറെ ശിലാസ്ഥാപന കർമ്മം അഭി. മാർ ജോർജ്ജ് ആലപ്പാട്ട് പിതാവ് നിർവ്വഹിച്ചു. മുൻ എഗ്രിമെൻറ് പ്രകാരം 17.06.1964-ൽ പ്രധാനാദ്ധ്യാപകൻ ആയിരുന്ന ശിവരാമൻസാറും

ചെന്താമരാക്ഷൻസാറും പിരിഞ്ഞുപോയി. തൽസ്ഥാനത്ത് സി.വലന്തീനയെ H.M ആയും സി.മേരി ജോർജ്ജിയ, സി.ഗ്വീദോ, സി.അലീസിയ എന്നിവരെ അദ്ധ്യാപികമാരായും നിയമിച്ചു. ആരംഭത്തിൽ 3 ക്ലാസ്സുകൾ മാത്രമുണ്ടായിരുന്ന വിദ്യാലയത്തിൽ കൂടുതൽ ക്ലാസ്സുകൾ അനുവദിച്ചുകിട്ടി. പണി പൂർത്തിയായ സ്ക്കൂളിൻറെ ആശിർവ്വാദകർമ്മം 23.08.1964-ൽ അഭി.പിതാവ് നിർവ്വഹിച്ചു.

1966-ൽ L.P സ്ക്കൂൾ അപ്പർ പ്രൈമറി സ്ക്കൂൾ ആയി ഉയർത്തി. സ്ക്കൂൾ വാങ്ങുമ്പോഴത്തെ കരാർ പ്രകാരം ഔദ്യോഗികമായി മാനേജ്മെൻറ് മാറി. മഠം സുപ്പീരിയർ ബ.ദമിയാനമ്മയെ മാനേജരായി നിയമിച്ചു. 1974 -ൽ ആലത്തൂർ സബ്ജില്ലയിൽ നടത്തിയ കായിക മത്സരത്തിൽ 72 സ്ക്കൂളുകളെ പിന്നിലാക്കി ലൂർദ്ദ് മാതാ ഒന്നാംസ്ഥാനം കരസ്ഥമാക്കി. 03.03.1974-ൽ AEO ശ്രീ ഷംസുദ്ദീൻ അവർകളുടെ അദ്ധ്യക്ഷതയിൽ ചേതോഹരമായ പരിപാടികളോടെ ആദ്യമായി സ്ക്കൂൾ വാർഷികം കൊണ്ടാടി. 1974-75 വർഷത്തെ സംസ്ഥാന അദ്ധ്യാപക അവാർഡിന് ഈ സ്ക്കൂളിൻറെ പ്രധാനാദ്ധ്യാപികയായിരുന്ന സി. വലന്തീന അർഹയായി എന്നുള്ളത് ഈ വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം അവിസ്മരണീയമായ നേട്ടമാണ്. സ്തുത്യർഹമായ സേവനത്തിനുശേഷം 31.05.1975-ൽ സി.വലന്തീന സ്ഥലം മാറി പോകുകയും സി.അർസേനിയ ഹെഡ്മിസ്ട്രസായി ചാർജ്ജെടുക്കുകയും ചെയ്തു. 1977-ൽ ആലത്തൂർ സബ്ജില്ലയിൽ നടത്തിയ സയൻസ് എക്സിബിഷനിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് കഴിഞ്ഞു. 1979-ൽ തന്നെ ഡ്രം, ബ്യൂഗിൾ, Trumpet തുടങ്ങിയ ഉപകരണങ്ങളോടുകൂടിയ ഒരു നല്ല ബാൻഡ് സെറ്റ് രൂപീകരിച്ചു. 1981-ൽ തൃശ്ശൂർ കോർപ്പറേറ്റ് മാനേജ്മെൻറ് വിഭജിക്കപ്പെടുകയും പാലക്കാട് പ്രോവിൻസിൻറെ കോർപ്പറേറ്റ് മാനേജരായി ബഹു.സി.ജെയിൻ ഫ്രാൻസിസ് നിയമിക്കപ്പെടുകയും ചെയ്തു. മംഗലംഡാമിൻറെ പുരോഗതിയെ അനുനിമിഷം പ്രതീക്ഷിച്ചു കൊണ്ടിരുന്ന അഭി.മാർ ജോസഫ് ഇരിമ്പൻ പിതാവിൻറേയും വിദ്യാഭ്യാസ മന്ത്രിമാരായി രുന്ന ശ്രീ.പി.ജെ ജോസഫിൻറേയും ശ്രീ.ടി.എം. ജേക്കബ്ബിൻറേയും അഭ്യുദയ കാംഷികളു ടേയും സന്മനസ്സാൽ 10.05.1983-ൽ GO(M.S)75/83 ഓർഡർ പ്രകാരം UP സ്ക്കൂൾ, ഹൈസ്ക്കൂള് ആയി ഉയർത്തി. ബഹു. സി.

വീറാബ്ലസ്സി ഹെഡ്മിസ്ട്രസ് ഇൻചാർജ്ജ് ഏറ്റെടുത്തു. ഒക്ടോബർ 4-ന് സി. എഡ്വീന ഹെഡ്മിസ്ട്രസ് പദവിയിലേക്ക് നിയോഗിക്കപ്പെട്ടു. 24.10.83-ൽ സി.എം.ജി സ്ക്കൂൾ എന്ന പേര് മാറ്റുന്നതിനായി അപേക്ഷ സമർപ്പിക്കുക വഴി, B5 39933/83 LDM Dt 5/1/84 of the DD Palakkad എന്ന ഓർഡർ പ്രകാരം ലൂർദ്ദ് മാതാ ഹൈസ്ക്കൂൾ എന്ന് അറിയപ്പെടാൻ തുടങ്ങി. 11.02.1984-ൽ ലൂർദ്ദ് മാതാവിൻറെ തിരുന്നാൾ ദിനത്തിൽ അഭി. മാർ ജോസഫ് കുണ്ടുകുളം തിരുമേനി ഹൈസ്ക്കൂളിൻറെ ഉദ്ഘാടനം നിർവ്വഹിക്കുകയും സ്ക്കൂള് വാർഷികവും രക്ഷാകർതൃദിനവും വിവിധ കലാപരിപാടികളോടെ ആഘോഷിക്കുകയും ചെയ്തു. അദ്ധ്യാപിക ശ്രീമതി ലിസി ആൻറണി ദാനമായി നല്കിയ ലൂർദ്ദ് മാതാവിൻറെ തിരുസ്വരൂപം സ്ക്കൂൾ കെട്ടിടത്തിൽ സ്ഥാപിച്ചു. 1986-ൽ ഹൈസ്ക്കൂളിനാവശ്യമായ 9 ക്ലാസ് മുറികൾ പണികഴിപ്പിച്ച് വെഞ്ചിരിച്ചു.

ആദ്യത്തെ എസ്.എസ്.എൽ. സി ബാച്ച് 1986 മാർച്ചിൽ വണ്ടാഴി CVM HS ൽ പരീക്ഷയെഴുതി. 65-ൽ 57 പേരും വിജയിച്ചു. 600 ൽ 535 മാർക്ക് വാങ്ങിയ ഷീല എ.പി നാടിനും സ്ക്കൂളിനും അഭിമാന പാത്രമായി. മൈലുകൾ താണ്ടി അധ്വാനിച്ച് പഠിച്ച മലയോരമക്കൾ പഠനത്തിലും കലാകായികരംഗത്തും എപ്പോഴും മുൻപന്തിയിലായിരുന്നു. ഭൗതിക വളർച്ചയ്ക്കൊപ്പം ആത്മീയ വളർച്ചയ്ക്കാവശ്യമായ സാഹചര്യവും സ്ക്കൂളിൽ ലഭ്യമായിരുന്നു. വേദപാഠം, സന്മാർഗ്ഗം ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ കുട്ടികളെ നവോന്മേഷരാക്കാൻ പര്യാപ്തമായിരുന്നു. കുട്ടികളുടെ വ്യക്തിത്വ വികസനത്തിനായി 1989-90-ൽ KCSL സംഘടന രൂപീകരിച്ചു. 1988 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതുവാൻ സെൻറർ ലഭിക്കുകയും 3-മത്തെ ബാച്ച് മുതൽ ഇവിടെ പരീക്ഷയെഴുതുകയും ചെയ്തു. 30.09.92-ൽ സി.എഡ്വീന വൊളണ്ടറി റിട്ടയർമെൻറ് എടുക്കുകയും സി.വീറാ ബ്ലസ്സി തൽസ്ഥാനത്ത് നിയോഗിതയാവുകയും ചെയ്തു. 1994-95 വർഷത്തിൽ ഈ സ്ക്കൂളിലെ KCSL യൂണിറ്റ് രൂപതയിലെ മികച്ച യൂണിറ്റായി തിരഞ്ഞെടുക്കപ്പെട്ടു. 1996-97 ൽ സംസ്ഥാനത്തെ ഏറ്റവും മികച്ച KCSL യൂണിറ്റായി തിരഞ്ഞെടുക്കപ്പെട്ടു.

ഈ സ്ഥാപനത്തിൻറെ മാനേജരായി

സേവനമനുഷ്ഠിച്ചിരുന്ന ബഹു.മദർ ജെയിൻ ഫ്രാൻസിസ് 19.01.2000-ൽ ഇഹലോകവാസം വെടിഞ്ഞു. തൽസ്ഥാനത്തേക്ക് നിലവിലിരുന്ന സിസ്റ്റർ പ്രൊവിൻഷ്യൽ സി.ജെരേമിയെ തിരഞ്ഞെടുത്തു. പാലക്കാട് പ്രോവിൻസിൻറെതന്നെ സമ്പത്തായ നെല്ലിയാംപതി ചന്ദ്രമല എസ്റ്റേറ്റ് എൽ.പി സ്ക്കൂളും ലൂർദ്ദ് മാതാ ഹൈസ്ക്കൂളും ഒരു മാനേജ്മെൻറിൻറെ കീഴിലാക്കാനുള്ള ചിരകാലാഭിലാഷം 07.08.2001-ൽ സഫലമായി. 31.03.2002-ൽ സി.വീറാബ്ലസ്സിക്ക് യാത്രാമംഗളങ്ങൾ നല്കി.

01.04.2002-ൽ സി.സിസിലി ജീൻ ഹെഡ്മിസ്ട്രസ്സായി ചാർജെടുത്തു. സ്കൗട്ട് ആൻഡ് ഗൈഡ്സിൻറെ ആരംഭം, ബാൻഡ് സെറ്റ് പുനർരൂപീകരണം, കമ്പ്യൂട്ടർ വിദ്യാഭ്യാസം ആരംഭം, വോളിബോൾ ടീം രൂപീകരണം, ഇംഗ്ലീഷ് മീഡിയം ഡിവിഷൻറെ ആരംഭം തുടങ്ങിയ പ്രവർത്തനങ്ങൾ ഇക്കാലയളവിൽ ഉണ്ടായി. സ്നേഹനിർഭരവുമായ സമീപനത്താൽ 4 വർഷക്കാലം സ്ക്കൂളിൻറെ സമഗ്രവളർച്ചയ്ക്കുവേണ്ടി അക്ഷീണം യത്നിച്ച സി.സിസിലി ജീൻ 2006 മാർച്ച് 31-ാം തിയ്യതി സേവനത്തിൽ നിന്നും വിരമിച്ചു. സിസ്റ്ററിൻറെ ദീർഘവീക്ഷണത്താൽ പണികഴിപ്പിച്ച ലൂർദ്ദ്മാതാ ഓഡിറ്റോറിയം 2006 ജൂൺ 16-ാം തിയ്യതി റവ.ഫാ. ബിനോയ് മണ്ഡപത്തിൽ CSSR ആശിർവ്വദിച്ചു.

2006 ഏപ്രിൽ 1-ാം തിയ്യതി സി.ട്രിൻസാജോസ് HM ആയി ചാർജെടുത്തു. 2007-08 ൽ Audio Visual Lab ആരംഭിച്ചു. ആ വർഷം തന്നെ ഹൈസ്ക്കൂളിൻറെ രജതജൂബിലി ആഘോഷം നടത്തി. പഴയ എൽ.പി, യു.പി ക്ലാസ്സ്റൂമുകൾ പൊളിച്ച് പുതുക്കിപ്പണുത 21 ക്ലാസ്സ്മുറികളുടെ ആശിർവ്വാദം 2008 മെയ് 31-ാം തിയ്യതി റവ. ഫാ.ജിനോ പുരമഠത്തിൽ നിർവ്വഹിച്ചു. 2009 ജനുവരിയിൽ സബ് ഡിസ്ട്രിക് കലോത്സവം നടത്തുന്നതിന് ജലക്ഷാമം പരിഹരിക്കാൻ ആലത്തൂർ എം.എൽ.എ ശ്രീ.ചന്ദ്രൻറേയും മാനേജ്മെൻറിൻറേയും സഹായത്തോടെ ഒരു ബോർവെല്ലും, പഞ്ചായത്തിൻറേയും മാനേജ്മെൻറിൻറേയും സഹായത്തോടെ ഒരു ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള മഴവെള്ള സംഭരണിയും നിർമ്മിച്ചു. സ്തുത്യർഹമായ സേവനത്തിനുശേഷം 2010 മാർച്ച് 31-ാം തിയ്യതി, സി.ട്രിൻസ സർവ്വീസിൽ നിന്നും വിരമിച്ചു. തുടർന്ന് സി.മേരിയാൻ പ്രധാനാദ്ധ്യാപികയുടെ സ്ഥാനം അലങ്കരിച്ചു. 2010-11

അദ്ധ്യയനവർഷം ഹൈസ്ക്കൂൾ ഹയർ സെക്കൻററിയായി 20.07.2010 ൽ (GO(MS)128/10Gen.Edn. 2/7/2010 ഓർഡർ പ്രകാരം ഉയർത്തി. 2 കൊമേഴ്സ് ബാച്ചുകൾ ആരംഭിച്ചു. 17.08.2010 ൽ HSS വിഭാഗം ശ്രീ.എം.ചന്ദ്രൻ എം.എൽ.എ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. സഹനത്തെ മൂല്യമുള്ളതാക്കുന്നതെങ്ങനെയെന്ന് പരിശീലനം നല്കുന്നതിനായി അൽഫോൻസാ ഗാർഡൻ എന്ന സംഘടന രൂപീകൃതമായി. ഈ കാലയളവിൽ ബ.സി.ജെരേമി മാനേജർ സ്ഥാനത്തുനിന്നും മാറി. പ്രോവിൻഷ്യൽ സുപ്പീരിയർ ബ.സി.ക്രിസറ്റ് മാനേജർ സ്ഥാനം ഏറ്റെടുത്തു.

2011-12 വർഷത്തിൽ ഹയർ സെക്കൻററിയിൽ GO(MS)No.167/2011/G.Edn. dt.3/8/2011 ഓർഡർ പ്രകാരം സയൻസ് ബാച്ച് അനുവദിച്ചു. ഹയർ സെക്കൻററി ബിൽഡിംഗിന് 2011 സെപ്റ്റംബർ 5-ാം തിയ്യതി ശിലാസ്ഥാപനം നടത്തി. 2012 ജൂലൈ 27-ന് ബഹു.ഫാ.ജോസ് ആലക്കക്കുന്നേൽ വെഞ്ചിരിച്ചു. പുതിയ കെട്ടിടത്തിൽ ഫിസിക്സ്, കെമിസ്ട്രി, സുവോളജി, ബോട്ടണി, കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിച്ച് പ്രവർത്തിക്കുന്നു.

ഹൈസ്ക്കൂള്, ഹയർ സെക്കൻററി വിഭാഗങ്ങൾക്ക് പ്രത്യേകമായി ടോയ് ലറ്റുകൾ, മഴവെള്ള സംഭരണി, കുഴൽക്കിണർ തുടങ്ങിയവ നിർമ്മിച്ചു. 2012 ജൂലൈ 27-ന് സ്ക്കൂളിൻറെ സുവർണ്ണ ജൂബിലി വർഷം ഉദ്ഘാടനം ചെയ്തു. ജൂബിലി വർഷത്തിൽ വിവിധ ആഘോഷപരിപാടികൾ നടത്തി. 2013 ജനുവരി 28 ന് പൂർവ്വ അദ്ധ്യാപക വിദ്യാർഥി സംഗമവും ജനുവരി 29ന് സുവർണ്ണ ജൂബിലി സമാപന ആഘോഷപരിപാടികളും നടത്തി. ജൂബിലി സ്മാരകമായി ഹിരണകിരണം എന്ന സ്മരണിക പുറത്തിറക്കി.

പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നിലവാരമുള്ള ഒരു വിദ്യാലയമാണ് L.M.H.S.S Mangalam Dam. ആകർഷകമായ സ്ക്കൂൾ അന്തരീക്ഷം, അർപ്പണമനോഭാവവും അക്കാദമിക നിലവാരവുമുള്ള അദ്ധ്യാപകർ, നേതൃത്വഗുണമുള്ള HM, വിദ്യാലയവുമായി നല്ല ബന്ധം പുലർത്തുന്ന സമൂഹം, എന്നിവ ഈ വിദ്യാലയത്തിൻറെ പ്രത്യേകതകളാണ്. സമൂഹത്തിൻറെ വിവിധ തലങ്ങളിൽ ഉന്നതനിലവാരം പുലർത്തുന്ന പൂർവ്വവിദ്യാർഥികൾ ഈ വിദ്യാലയത്തിൻറെ മുതൽക്കൂട്ടാണ്. 33 വർഷം പിന്നിട്ട ഞങ്ങളുടെ S.S.L.C ബാച്ചിൻറെ നടുനുറുക്കുകളായ 2002

ബാച്ചിൻറെ സംഗമം 2018 ജനുവരി 26ന് നടത്തപ്പെട്ടു. പാലക്കാട് ജില്ലയുടെ IFS ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ജോർജ്ജ് പി. മാത്തച്ചൻ ഞങ്ങളുടെ പൂർവ്വവിദ്യാർഥിയാണെന്നതിൽ ഞങ്ങൾക്ക് അതിയായ അഭിമാനമുണ്ട്.

# ലക്ഷ്യം

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ സൗജന്യവിദ്യാഭ്യാസം എല്ലാ ജനങ്ങൾക്കും ഉറപ്പുവരുത്തുക.
2. അക്കാദമിക സൗകര്യങ്ങൾ ഉപയോഗിക്കുന്നവിധത്തിൽ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
3. LKG മുതൽ 12 വരെ ഓരോ ക്ലാസ്സടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളും ഉൾപ്പെടുത്തി കലണ്ടർ രൂപീകരിക്കുക.
4. അധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിൽ നിശ്ചിത പദ്ധതികൾ തയ്യാറാക്കൽ.

# വിദ്യാലയം മികവിന്റെ കേന്ദ്രം

- പാഠ്യ – പാഠാനുബന്ധപ്രവർത്തനങ്ങളിൽ സജീവതാത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കൽ.
- ഭിന്നശേഷി വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനയും പ്രോത്സാഹനവും നൽകൽ.
- കുട്ടികൾ മികവാർന്ന ശേഷികളും ധാരണകളും നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കൽ.
- പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.
- വിവര സാങ്കേതിക മേഖലയിൽ പ്രാവീണ്യം നേടുന്നതിന് കുട്ടിയെ പ്രാപ്തമാക്കൽ.
- ജാതി മത വർഗ്ഗ ഭേദമെന്യേ സൗഹാർദ്ദപരമായി ജീവിക്കാൻ കുട്ടിയെ പ്രാപ്തമാക്കുക.

# നിലവിലെ അവസ്ഥാ വിശകലനം

ക്ലാസ്സ് മുറികളുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും ലഭ്യത

| Sl.No. | അടിസ്ഥാന സൗകര്യങ്ങൾ | എണ്ണം / ലഭ്യത | പര്യാപ്തത |
|---|---|---|---|
| 1 | ക്ലാസ്സ് മുറികൾ | 54 | |
| 2 | ഓഫീസ് റൂം, പ്രധാന അദ്ധ്യാപകമുറി | 1 | |
| 3 | സ്റ്റേജ് | 1 | |
| 4 | സ്റ്റാഫ് റൂം | 3 | |
| 5 | ഓഡിറ്റോറിയം | 1 | |
| 6 | ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 15 | |
| 7 | പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 27 | |
| 8 | ഭിന്നശേഷികൾക്കുള്ള ടോയ്‌ലറ്റ് | - | 1 |
| 9 | കുടിവെള്ള സൗകര്യം | കിണർ | |
| 10 | കളിസ്ഥലം | 1 | |
| 11 | ചുറ്റുമതിൽ | 1 | |
| 12 | റാമ്പ് വിത്ത് ഹാൻഡ് റെയിൽ | 2 | |
| 13 | അടുക്കളയും സ്റ്റോർ മുറിയും | 1 | |
| 14 | ലൈബ്രറി റൂം | 2 | |
| 15 | ലാബ് | 4 | |
| 16 | കമ്പ്യൂട്ടർ റൂം | 3 | |
| 17 | സ്മാർട്ട് റൂം | 2 | |
| 18 | മാലിന്യസംസ്കരണ സംവിധാനം | 1 | |
| 19 | മഴവെള്ളസംഭരണി | 1 | |
| 20 | സ്പോർട്സ് റൂം | 1 | |
| 21 | സംഗീതം, പ്രവൃത്തി പരിചയപ്രവർത്തനങ്ങൾക്കാവശ്യമായ ക്ലാസ്സ് റൂം | - | 1 |
| 22 | കോൺഫ്രൻസ് ഹാൾ | 2 | |
| 23 | സ്കൗട്ട് ഗൈഡ്സ് റൂം | - | 1 |
| 24 | ലേഡീസ് ഫ്രണ്ട്‌ലി റൂം | - | 3 |
| 25 | പ്രീ – പ്രൈമറി ക്ലാസ്സ് റൂം | 2 | |
| 26 | വായനാമൂല | 54 | |
| 27 | യൂറിനൽ – ബോയ്സ് | 27 | |
| | – ഗേൾസ് | 6 | |

## ഭൗതീകം – നേട്ടങ്ങൾ

54 ക്ലാസ്സ് മുറികളിൽ 25 ക്ലാസ്സ് മുറികൾ ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടുണ്ട്. 100 കുട്ടികൾക്ക് ഒരുമിച്ചിരുന്ന് വായിക്കാനുള്ള ഹൈ- ടെക് സംവിധാനത്തോടുകൂടിയ ടൈലിട്ട ലൈബ്രറി സജ്ജീകരിച്ചിട്ടുണ്ട്. ഓഫീസ് റൂം, പ്രധാനാദ്ധ്യാപികയുടെ മുറിയടങ്ങിയ കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. പി.എസ്.എസ്.പി.യുടെ സഹായത്തോടെ ഒരു മഴ വെള്ള സംഭരണി സ്കൂളിൽ സജ്ജമാക്കിയിട്ടുണ്ട്. പ്ലസ് ടു തലത്തിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ നല്ല ലാബുകൾ ഉണ്ട്.

## ഭൗതീകം – പരിമിതികൾ

29 ക്ലാസ്സ് റൂമുകൾ വൈദ്യുതീകരിച്ചിട്ടില്ല. സയൻസ്, സാമൂഹ്യ, ശാസ്ത്ര, കമ്പ്യൂട്ടർ, ഗണിത ലാബ് ഇവയ്ക്കാവശ്യമായ സാധന സാമഗ്രികൾ ആവശ്യത്തിനുണ്ടെങ്കിലും പ്കത്യേകം സജ്ജീകരിക്കുവാനുള്ള മുറികളില്ല. നിലവിലുള്ള മൈതാനം എല്ലാ കുട്ടികളെയും ഉൾക്കൊള്ളുവാൻ തക്ക വിസ്തൃതമല്ല. കടപ്പാറ, ചൂരുപാറ തുടങ്ങിയ ആദിവാസി മേഖലകളിൽ നിന്നും വിദ്യാലയത്തിലേയ്ക്കെത്തിച്ചേരാൻ കുട്ടികൾക്ക് ആവശ്യമായ വാഹലനസൗകര്യങ്ങൾ ഇല്ല. വാഹനഷെഡ് നിർമ്മിക്കേണ്ടതുണ്ട്. ഭോജനശാല ആവശ്യമാണ്. ഭാഷാ നൈപുണി വികസിപ്പിക്കുന്നതുനുള്ള ലാബുകൾ, ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക്, കലാകായിക പ്രവൃത്തി പരിചയവിഷയങ്ങൾക്കാവശ്യമായ പ്രത്യേ ക്ലാസ്സ് റൂമുകൾ നിർമ്മിക്കേണ്ടതുണ്ട്.

## അക്കാദമികം – നേട്ടങ്ങൾ

തുടർച്ചയായി പത്ത് വർഷങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ 95 ശതമാനത്തിന് മുകളിലായി വിജയം നിലനിർത്തുന്നു. ജെ.ആർ.സി. യൂണിറ്റ്, നന്മ ക്ലബ്ബ് എന്നിവയുടെ നേതൃത്വത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നു. ഭാഷാ നൈപുണിയും അച്ചടക്കവും വികസിപ്പിക്കുന്നതിനായി വിവിധ ഭാഷകളിൽ അസംബ്ലി നടത്തുന്നു. വായനാശീലം വർദ്ധിപ്പിക്കുന്നതിനായി പിറന്നാൾ ഓർമ്മയ്ക്കായി എല്ലാ കുട്ടികളും ഓരോ പുസ്തകം സ്ക്കൂൾ ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു. ആരോഗ്യകായികക്ഷമതയുള്ള കുട്ടികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ 250 കുട്ടികൾ രാവിലത്തെയും വൈകുന്നേരത്തെയും കായികപരിശീലനത്തിൽ പങ്കെടുക്കുന്നു. മലയാളത്തിളക്കം, നവപ്രഭ, ശ്രദ്ധ, പ്രതിഭാസംഗമം എന്നീ പ്രവർത്തനങ്ങളിലൂടെ പിന്നോക്കക്കാരായ വിദ്യാർത്ഥികളെ ഉയർത്തുവാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. കുട്ടികളിലെ ഗണിത താൽപര്യം വർദ്ധിപ്പിക്കുന്നതിനായി എല്ലാ വർഷവും ഗണിതമാഗസിൻ തയ്യാറാക്കി വരുന്നു.

## അക്കാദമികം – പരിമിതികൾ

വിവിധ മത്സരപരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. ലബോറട്ടറികൾ ആധുനികവൽക്കരിക്കണം. ക്ലാസ്സ് ലൈബ്രറികൾ ക്രമീകരിച്ചിട്ടില്ല. എല്ലാ ക്ലാസ്സുമുറികളും സ്മാർട്ട് ക്ലാസ്സാക്കണം.

# അദ്ധ്യാപകരുടെ എണ്ണം

1. പ്രിൻസിപ്പൽ - 1

2. പ്രധാനാധ്യാപിക - 1

3. എൽ.പി. വിഭാഗം - 12

4. യു.പി. വിഭാഗം - 15

5. എച്ച്.എസ്. വിഭാഗം - 29

6. എച്ച്.എസ്.എസ്. വിഭാഗം - 14

7. എൽ.പി.അറബിക് - 1

8. യു.പി.സ്പെഷലിസ്റ്റ് - 2( ഹിന്ദി, പി.ടി.).

9.അനധ്യാപകരുടെ എണ്ണം - 9

# പദ്ധതിരൂപീകരണപ്രക്രിയ - 2025

1. SRG യോഗത്തിൽ "ലൂർദ് മാതാ ഹൈസ്കൂൾ വിഷൻ 2025-2026"എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2. വികസന ആവശ്യങ്ങൾ ക്ലാസ്സ് / വിഷയം അടിസ്ഥാനത്തിൽ ഭൗതികം അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3. കരട് രൂപരേഖ SRG, SMC, PTA, MPTA, OSA, SDC രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിക്കൽ.

4. ശിൽപ്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

5. പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.

## 2. അനുബന്ധം - മികവുകൾ - നേട്ടങ്ങൾ

- അക്കാദമിക് ഉന്നത നിലവാരം
- മത്സരപരീക്ഷകളിലും മേളകളിലും മികച്ചനിലവാരം പുലർത്താനായി
- SRG, SSG. PTA പൂർവ്വ വിദ്യാർത്ഥി സംഘാടന സന്നദ്ധ സംഘടനകൾ ക്ലബ്ബുകൾ, ത്രിതല പഞ്ചായത്തുകൾ ,ജനപ്രതിനിധികൾ, SSA എന്നിവയുടെ ക്രിയാ ത്മക ഇടപെടലുകളും കൂട്ടായ്മയും ഉറപ്പാക്കി
- രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും സൗഹാർദപരമായ പങ്കാളിത്തം.
- മോണിംങ്ങ് ക്ലാസ്സ്, ഈവനിംങ്ങ് ക്ലാസ്സ്, പിന്നോക്കം നിൽക്കുന്നവർക്കുള്ള അധി കപഠനം, സഹവാസക്യാമ്പ്. മെട്രിക് മേള. ബാലശാസ്ത്ര കോൺഗ്രസ്സ്, നിശാപാ നക്യാമ്പ്, പഠനയാത്ര, നിലവാരം അനുസരിച്ച് പ്രത്യേകം പ്രത്യേകം കോച്ചിംങ്ങ്
- വിദഗ്ദരെ കണ്ടെത്തി ഉപയോഗപ്പെടുത്തുന്നതിലും ദിനാചരണങ്ങൾ വൈവിധ്യ മാക്കുന്നതിലും കുട്ടിത്വം, ആരോഗ്യം എന്നിവ സംരക്ഷിക്കുന്നതിനും സമൂഹപങ്കാ ളിത്തം ഉറപ്പാക്കി
- ഉച്ചഭക്ഷണം സമ്പുഷ്ടവും പോഷക സമൃദ്ധവുമാക്കാൻ കഴിഞ്ഞു
- കായികമേഖലയിൽ മികച്ച പരിശീലനം
- വോളിബോൾ സംസ്ഥാന തലത്തിലും ദേശീയതലത്തിലും മികവു പുലർത്തുന്നു. കേരള ടീമിലെ അംഗമായി ദേശീയ തലത്തിൽ കളിക്കാൻ ഈ സ്കൂളിൽ നിന്നും ഒരു കുട്ടി തിരഞ്ഞെടുക്കപ്പെട്ടു.
- കലാരംഗത്ത് സബ്ജില്ല തലത്തിൽ മികച്ച നിലവാരം പുലർത്താനായി.
- കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ പ്ലസ്ടു വിഭാഗത്തിൽ ഒന്നാം സ്ഥാനവും ഹൈസ്കൂൾ വിഭാഗത്തിൽ രണ്ടാം സ്ഥാനവും
- ഈ പ്രാവശ്യം LSS പരീക്ഷയിൽ 14 പേരും, USS പരീക്ഷയിൽ 19 പേരും മികച്ച വിജയം നേടി.
- NMMS പരീക്ഷയിൽ പ്രതിഭാശാലികളായ 4 കുട്ടികൾ ഇത്തവണ സ്കോളർഷിപ്പ്നേടി.
- Inspire award ഇത്തവണ Johnel Joshy, Shihas A, Powel Kombara എന്നി 3 കുട്ടികൾക്ക് ലഭിക്കുകയുണ്ടായി.
- ദേശീയ തലത്തിലും സംസ്ഥാന തലത്തിലും കായിക ഇനത്തിൽ മികവാർന്ന വിജയം (ലോൺ ടെന്നീസ്, ഖോ ഖോ, സബാക്ക് ടാക്ക് ത്രോ നെറ്റ് ബോൾ വോളി ബോൾ etc.) 45 ഓളം കുട്ടികൾ പങ്കെടുത്തു.

# എൽ.പി, യു.പി വിഭാഗം

പ്രവർത്തനം 1
പേര്:ഇംഗ്ലീഷിൽ കത്തെഴുത്ത്(English pen friends)
ഉപമേഖല:ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക്ക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവെക്കൽ | മാസത്തിൽ ഒന്നു വീതം | ക്ലാസ് ടീച്ചർ | പ്രതിവർഷം 10000/- (പി.ടി.എ ഫണ്ട്) |

പ്രവർത്തനം 2
പേര്:പദപ്രശ്ന നിർമ്മാണം
ഉപമേഖല:ഇംഗ്ലീഷ് പഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി. | ഇംഗ്ലീഷ് ക്ലബ്ബ് | ---- |

പ്രവർത്തനം 3
പേര്:ഇംഗ്ലീഷ് കോർണർ
ഉപമേഖല:ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരി | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണ ങ്ങൾ, | പ്രതിമാസ | ഇംഗ്ലീഷ് | -- |

| | | | | |
|---|---|---|---|---|
| ക്ഷം സൃഷ്ടിക്കൽ | പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ. | പരിപാടി | ക്ലബ്ബ് | |

പ്രവർത്തനം 4
പേര്:രചന ശിൽപശാല
ഉപമേഖല:മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/കവിയരങ്ങ്/രചനാ ശിൽപശാല എന്നിവ സംഘടിപ്പിക്കൽ.രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ. ക്ലാസ് മുറിയിലെ പഠനസാമഗ്രിയായി മേൽപറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ. | വർഷത്തിൽ രണ്ടു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി. | 5000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം 5
പേര്:സർഗ്ഗസല്ലാപം
ഉപമേഖല:ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവധശേഷികളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ.അവരുടെ വായന/എഴുത്തനുഭവങ്ങൾ കുട്ടികളുമായി പങ്കുവെക്കൽ.പ്രസിദ്ധീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്. എം. & പി. ടി.എ | 20000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം 6
പേര്:ഗ്രന്ഥശാല ശാക്തീകരണം
ഉപമേഖല:ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ. | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ. | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം, പി. ടി. എ, ലൈബ്രറിയൻ | 2000/- സ്പോൺസർഷിപ്പ്. |

പ്രവർത്തനം 7

പേര്:കുട്ടീസ് റേഡിയോ

ഉപമേഖല:ഭാഷയുടെ പ്രകടനപരത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണമികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവു സമയത്ത് റേഡിയോ പ്രക്ഷേപണം, കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ. | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | എസ്. ആർ. ജി | 25000/- വ്യവസായി ഗ്രൂപ്പ് സ്പോൺസർ ഷിപ്പ് |

പ്രവർത്തനം 8

പേര്: അമ്മ വായന

മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാ പിന്നോക്കാവസ്ഥ | അക്ഷര കാർഡുകൾ, കഥാ പുസ്തകങ്ങൾ | 6 മാസം | ക്ലാസ് ടീച്ചർ | ---- |

| | | | | |
|---|---|---|---|---|
| പരിഹരിക്കുന്നതിൻ രക്ഷിതാക്കളുടെ സാന്നിദ്ധ്യം ഉറപ്പാക്കൽ. | എന്നിവയിലൂടെ ഭാഷാ പിന്നോക്കാവസ്ഥ പരിഹരിക്കൽ | | | |

പ്രവർത്തനം 9
പേര്: ദിനാചരണങ്ങൾ
ഉപമേഖല:സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്. ആർ. ജി യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്. ആർ. ജി | ----- |

പ്രവർത്തനം 10
പേര്: ഗണിതലാബ് സജ്ജീകരിക്കൽ
ഉപമേഖല:അക്കാദമികം/ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ.ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം. | എസ്. ആർ. ജി, ഗണിത ക്ലബ്ബ് | --- |

പ്രവർത്തനം 11
പേര്: ഗണിത പാർക്ക്
ഉപമേഖല: അക്കാദമികം/ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ. | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/- (പി. ടി. എ) |

പ്രവർത്തനം 12
പേര്: ശാസ്ത്ര ലാബ് നവീകരിക്കൽ
ഉപമേഖല: അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ ഇരിപ്പിടങ്ങൾ സജ്ജമാക്കൽ. | വർഷത്തിലൊരു പ്രാവശ്യം. | സയൻസ് ക്ലബ്ബ് | ---- |

പ്രവർത്തനം 13
പേര്: ശാസ്ത്രപോഷണ പരിപാടി
ഉപമേഖല: അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി. | സയൻസ് ക്ലബ്ബ് | 10000/- (എസ്. എസ്. ജി ) |

പ്രവർത്തനം 14
പേര്: പ്രതിഭാപോഷണ പരിപാടി
ഉപമേഖല: അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| – | | | | |
| പ്രതിഭകൾക്ക് വിദഗ്ധ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന | വർഷത്തിൽ രണ്ടു | എസ്. ആർ. | 5000/- (സ്പോ |

| | | | | |
|---|---|---|---|---|
| പരിശീലനവും ക്ലാസ്സുകളും നൽകൽ | കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കൽ | പ്രാവശ്യം | ജി. എസ്. എസ്. ജി. | ൺസർഷിപ്പ്) |

പ്രവർത്തനം 15
പേര്: ശാസ്ത്രയാത്രകൾ ( Field Trips)
ഉപമേഖല: അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ. | പ്രതിവർഷം 1 യാത്ര | സയൻസ് ക്ലബ്ബ് പി. ടി. എ | 15000/- ( ഒ. എസ്. എ) |

പ്രവർത്തനം 16
പേര്: മേളകൾ
ഉപമേഖല: അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക. | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/- (സി. എസ്. ആർ. ഫണ്ട് ) |

പ്രവർത്തനം 17
പേര്: സാമൂഹ്യ ശാസ്ത്രലാബ്
ഉപമേഖല: അക്കാദമികം/ സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര പഠനം | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു | വർഷത്തിൽ | സാമൂഹ്യ | 5000/- (പി. ടി. എ) |

| | | | | |
|---|---|---|---|---|
| കൂടുതൽ ശാസ്ത്രീയമാക്കുക. | മുറിയിൽ സാമൂഹ്യ ശാസ്ത്രലാബ് ക്രമീകരിക്കുക, | ഒരു പ്രാവശ്യം. | ശാസ്ത്ര ക്ലബ്ബ്. | |

പ്രവർത്തനം 18
പേര്: പഠന യാത്രകൾ
ഉപമേഖല: അക്കാദമികം/ സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യാക്ഷനുഭവത്തിലൂടെ പാഠ്യ വസ്തുക്കൾ ഗ്രഹിക്കുന്നതിന്. | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ. | വർഷത്തിൽ ഒന്ന് | എസ്. ആർ. ജി | 20000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 19
പേര്: സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ
ഉപമേഖല: അക്കാദമികം/ സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹിക ശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹിക ശാസ്ത്ര ക്ലബ്ബ് | 5000/- (സ്പോൺസർഷിപ്പ്) |

പ്രവർത്തനം 20
പേര്: ബുള്ളറ്റിൻ ബോർഡ്
ഉപമേഖല: അക്കാദമികം/ സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ. | എല്ലാ പ്രവർത്തി ദിവസങ്ങളിലും. | സാമൂഹിക ശാസ്ത്ര ക്ലബ്ബ് | വിശകലനം 1000/- (പി. ടി. എ) |

പ്രവർത്തനം 21
പേര്: രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ
ഉപമേഖല: അക്കാദമികം/ ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവധ പതിപ്പുകൾ തയ്യാറാക്കൽ, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്നു വീതം | ഹിന്ദി ക്ലബ്ബ് | 5000/- (എസ്. എസ്. ജി) |

പ്രവർത്തനം22
പേര്: കമ്പ്യൂട്ടർ പരിജ്ഞാനം
ഉപമേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവരസാങ്കേതിക വിദ്യ വളർത്തൽ | കമ്പ്യൂട്ടർ ഗെയിമുകൾ പരിചയപ്പെടുത്തൽ, പരിശീലിപ്പിക്കൽ. | വർഷം മുഴുവൻ. | എസ്. ഐ. ടി സി | ---- |

പ്രവർത്തനം 23
പേര്: ഐ. ടി. മേള
ഉപമേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | ത്തിക വിശകലനം |
